അമരവിള പാലത്തിന്റെ ടോൾ പിരിവ്

173 [1417] ശ്രീ. ഡി. സുഗതൻ :
,, എം. എ. വാഹീദ് :
,, ജോർജ് ജെ. മാത്യു :
,, വർക്കല കഹാർ :
,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര തുക വരെ മുതൽ മുടക്കുള്ള പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത് ;

(ബി) നിലവിൽ എത്ര പാലങ്ങളിൽ നിന്നും ടോൾ പിരിവ് നടത്തുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഒരു പാലത്തിൽ നിന്ന് നടത്തുന്ന ടോൾ പിരിവ് അവസാനിക്കുന്നത് എപ്പോഴാണ് ;

(ഡി) നെയ്യാറിനു കുറുകെ അമരവിളയിൽ നിർമ്മിച്ചിട്ടുള്ള പാലത്തിന് ടോൾ പിരിവ് തുടങ്ങിയത് എന്നു മുതലാണ് ; പ്രസ്തുത പാലം പണിക്ക് എന്തു തുക ചെലവായി എന്ന് വിശദമാക്കാമോ ; തുക ഇതുവരെ പിരിഞ്ഞു കിട്ടിയോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഒരു കോടിക്കു മുകളിൽ മുതൽ മുടക്കുള്ള പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത്.

(ബി) ദേശീയപാത 17-ൽ ആരാപ്പുഴ, പുതുപ്പൊന്നാനി, ചേറ്റുവ, കോട്ടപ്പുറം, വരാപ്പുഴ. ദേശീയപാത 47-ൽ അരൂർ, പനങ്ങാട്, കുമ്പളം, അമരവിള, ആക്കുളം. ദേശീയപാത 47 എ യിൽ കുണ്ടന്നൂർ പാലം, ദേശീയപാത 213-ൽ നെല്ലിപ്പുഴ. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കീഴിൽ ഇപ്പോൾ 59 പാലങ്ങളിൽ നിന്നും ടോൾ പിരിച്ചു വരുന്നുണ്ട്.

(സി) ദേശീയപാതാ വിഭാഗത്തിൽ ഒരു പാലത്തിൽ ചെലവായ മൊത്തം തുകയും പലിശയും ടോൾ പിരിവ് നടത്തുന്ന കാലങ്ങളിൽ പാലത്തിലേക്ക് ചെലവിടുന്ന അറ്റകുറ്റപ്പണികളുടെ തുകയും ഉൾപ്പെട്ട തുക പിരിഞ്ഞു കിട്ടുന്ന മുറയ്ക്ക് ടോൾ പിരിവ് അവസാനിക്കുകയുള്ളു. നിരത്തുകളും പാലങ്ങലും വിഭാഗത്തിൽ പാലത്തിനു ചെലവായ തുകയും അതിന്റെ 9% സാധാരണ പലിശയും കൂടി വരുന്ന തുക അടയുന്ന മുറയ്ക്കോ, 15 കൊല്ലം തികയുകയോ ചെയ്താൽ ടോൾ പിരിവ് നിർത്തുന്നതാണ്.

(ഡി) ടോൾ പിരിവ് തുടങ്ങിയത് 5-1-2005 മുതലാണ്. നിർമ്മാണത്തിനുള്ള മൊത്തം ചെലവ് 819 ലക്ഷം രൂപയാണ്. ഇതേ വരെ പിരിഞ്ഞു കിട്ടിയ തുക 5.15 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly